LIBRARY ARCHIVES Kerala Legislative Assembly

അലനല്ലൂർ ഗ്രാമപഞ്ചായത്ത് വിഭജനം

95 [870] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലനല്ലൂർ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഞ്ചായത്ത് വിഭജിക്കാൻ നടപടി എടുക്കുമോ ;

(സി) എങ്കിൽ എന്നത്തേക്ക് ഇതിനുള്ള നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് വിഭജനത്തിനായി സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്നില്ല.

(സി) ഉദിക്കുന്നില്ല.

പെരുവന്താനം പഞ്ചായത്തിൽ പുതിയ വാർഡ് രൂപീകരണം

96 [871] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവന്താനം പഞ്ചായത്തിൽ പുതിയ ഒരു വാർഡ് രൂപീകരിക്കുന്നതിലേക്കായി അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിൻമേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) വാർഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ബാധകമല്ല.